നം. എസ്.2/102300/എം.എൻ.എസ്./2019 - 20/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ്ഭവൻ,
തിരുവനന്തപുരം,
തീയതി: 24/7/2019.

## വിജ്ഞാപനം

എസ്.എസ്. എൽ.സി./ഹയർ സെക്കന്ററി അഥവാ തതുല്യ പരീക്ഷയിൽ (സംസ്ഥാന സിലബസ്സിൽ) പഠിച്ച് ജയിച്ചവരും എച്ച്. എസ്.സി/വി.എച്ച്.എസ്.സി/ ഡിഗ്രി (Arts & Science Colleges only) - എന്നിവയിൽ ഏതെങ്കിലും സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ തുടർന്നു പഠിക്കുന്നവരുമായ പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയവരുമായ വിദ്യാർത്ഥിനികളിൽനിന്നും മുസ്ലീം നാടാർ ഗേൾസ് സ്കോളർഷിപ്പിന് (പുതിയത്/ പുതുക്കൽ) അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ **www.dcescholarship.kerala.gov.in** - ൽ **Muslim Nadar Scholarship (MNS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

1. <u>യോഗ്യതകൾ</u>

- എസ്.എസ്.എൽ.സി (SSLC)യോ തത്തുല്യ പരീക്ഷയോ/ഹയർ സെക്കൻഡറി പരീക്ഷയോ പാസായിരിക്കണം.
- അപേക്ഷകർ 2019-20 അദ്ധ്യയന വർഷത്തില് +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ കേരളത്തിലെ സർക്കാര്/സർക്കാര് അംഗീകൃത സ്കൂളുകളിലോ കോളേജുകളിലോ ചേർന്ന് പഠിക്കുന്നവരായിരിക്കണം.

2. <u>സ്കോളർഷിപ്പ് തുക</u>

VHSC/HSC/Degree എന്നീ തലങ്ങളിലുള്ളവർക്ക് പ്രതിവർഷം 125/- രൂപയാണ് സ്കോളർഷിപ്പ് തുക.

(3) <u>വരുമാനപരിധി</u>

രൂപ 18000/- (പ്രതി വർഷം)

(4) <u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>

- അപേക്ഷകർക്ക് SBI ഉൾപ്പെടെയുള്ള ഏതെങ്കിലും k, South Indian ദേശസാൽകൃത ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ EID നമ്പർ നൽകിയാലും മതിയാകും.(Enrolment ID)
- മറ്റ് ഏതെങ്കിലും സ്കോളർഷിപ്പോ/ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- വിദ്യാർത്ഥിനി കേരളത്തിൽ സ്ഥിരതാമസക്കാരി ആയിരിക്കണം.

**(5)** <u>**അപേക്ഷിക്കേണ്ട രീതി**</u>

(എ) അപേക്ഷകൾഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതിനായി

- <u>www.dcescholarship.kerala.gov.in</u> എന്ന വെബ്സൈറ്റിൽ Muslim Nadar Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- Apply online-ൽ ക്ലിക്ക് ചെയ്യുക.
- മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റര് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ രജിസ്ട്രേഷൻ ID നൽകി candidate login ചെയ്യുക.
- അല്ലെങ്കിൽ New registration - ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.
- സ്കോളർഷിപ്പ് പേജിൽ MNS എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.
- കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക.
- നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.
- 

(ബി) പുതുക്കൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

- ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Muslim/Nadar Girls Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- തുടർന്ന് വലതു ഭാഗത്തെ Renewal Button ൽ ക്ലിക്ക് ചെയ്യുക. തുടർന്ന് Institution Selection ചെയ്യുക.
- ഇപ്പോൾ പഠിക്കുന്ന കോഴ്സിൽ ചേർന്ന വർഷവും വിദ്യാർത്ഥിയുടെ പേരും select ചെയ്യുക.
- Renewal ID Enter ചെയ്യുക (Renewal ID ആവശ്യമെങ്കിൽ Institution നെ ബന്ധപ്പെടുക)
- തുടർന്ന് submit ക്ലിക്ക് ചെയ്യുക.

  - Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.
  - രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥിനി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
  - വിദ്യാർത്ഥിനി സമർപ്പിക്കുന്ന രേഖകളും, രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈന് വഴിസ്ഥാപ നമേധാവിയോ (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.(വെരിഫിക്കേഷൻ).
  - സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈന് വഴി അംഗീകരിച്ചിരിക്കണം.(അപ്രൂവല്)
  - അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷന് ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

(6) <u>സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>

- അപേക്ഷകന്റെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റ്ഔട്ട്.
- SSLC മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഒറിജിനൽ)
- അപേക്ഷകയുടെ സ്വന്തം പേരിലുള്ള ബാങ്ക്പാസ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം)
- വരുമാന സർട്ടിഫിക്കറ്റ് (ഒറിജിനൽ)

- ദാരിദ്രരേഖക്ക് താഴെ ഉള്ളവർ ബി.പി.എൽ. സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ദാരിദ്യരേഖക്ക് താഴെ ഉള്ള മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്ക് മാത്രം.
- പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികള് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം (ഒറിജിനൽ)
- 8. ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കില് EID നമ്പർ നൽകിയാലും മതിയാകും.(Enrolment ID)

(7) <u>തെരഞ്ഞെടുപ്പ് രീതി</u>

- 18000/- രൂപ വരുമാന പരിധി കവിയാത്ത മുഴുവൻ അപേക്ഷകളും പരിഗണിക്കും.
- പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്ര്യരേഖക്ക് താഴെവരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയ 2019-20 സാമ്പത്തിക വർഷത്തില് സർക്കാര്/എയിഡഡ് ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി. ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരുമായ പെൺകുട്ടികളെ പരിഗണിക്കും .

(8) <u>അവസാന തീയതികൾ</u>

- ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **30/9/19.**
- രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി **1/10/19.**
- സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധന കഴിഞ്ഞ് ഓൺലൈന് വഴി അപേക്ഷകൾ അംഗീകരിക്കേണ്ട തീയതി **15/10/19**

**സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ**

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

എ. എം. (23 – 7 – 2019)



(6)